ലോക്കൽ പോലീസിന്റെ സ്ഥലം മാറ്റത്തിലെ മാനദണ്ഡം

52 (3799) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ പോലീസിന്റെ സ്ഥലംമാറ്റത്തിന് എന്തെങ്കിലും മാനദണ്ഡം പുലർത്തുന്നുണ്ടോ ;

(ബി) ഇതിൽ നിന്നും വ്യത്യസ്തമായി ഏതെല്ലാം കാരണങ്ങളിലാണ് സ്ഥലം മാറ്റം നടത്താറുള്ളത് ;

(സി) സംസ്ഥാന ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും പ്രക്ഷോഭം നടന്ന അവസരത്തിൽ എവിടെയെങ്കിലും പോലീസുകാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പുതുതായി എക്സിക്യൂട്ടീവ് ഡയറക്ടീവ് 2/2002 തീയതി 30-3-2002 പ്രകാരമാണ് സ്ഥലംമാറ്റം നടത്തുന്നത്.

(ബി) പൊതു താൽപ്പര്യം പരിഗണിച്ചും അച്ചടക്കനടപടിയുടെ ഭാഗമായും അനുകമ്പാർഹമായ കേസുകളിലും മാനദണ്ഡത്തിൽ നിന്നും വ്യതിചലിച്ച് സ്ഥലം മാറ്റം നടത്താറുണ്ട്.

(സി) ആലപ്പുഴ, വയനാട്, പാലക്കാട് കാസർഗോഡ് എന്നീ ജില്ലകളിലെ ഏതാനും പോലീസുകാരെ പല ജില്ലകളിലായി സ്ഥലം മാറ്റിയിട്ടുണ്ട്.

(ഡി) പൊതു താൽപ്പര്യം പരിഗണിച്ചാണ് ഈ സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

സീതത്തോട്ടിൽ ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി

53 (3804) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതത്തോട് മേഖലയിൽ അടിക്കടി തീപിടുത്തമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തീപിടുത്തംമൂലം എത്രകോടി രൂപയുടെ നഷ്ടമാണ് ഇതുവരെ ഉണ്ടായിട്ടുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവിടെ തീപിടുത്തവും പൊട്ടിത്തെറിയുമുണ്ടാകുമ്പോൾ എത്ര കിലോമീറ്റർ ദൂരെയുള്ള ഏതൊക്കെ ഫയർ സ്റ്റേഷനുകളിൽ നിന്നാണ് ഫയർ എഞ്ചിനുകൾ ഇവിടെ എത്തുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്ഥിതി ഒഴിവാക്കുന്നതിന് സീതത്തോട്ടിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഏകദേശം 1 കോടി 2 ലക്ഷം രൂപ.

(സി) 65 കി.മീ. ദൂരമുള്ള പത്തനംതിട്ട നിലയത്തിൽ നിന്നും 58 കി.മീ. ദൂരമുള്ള റാന്നി നിലയത്തിൽ നിന്നും.

(ഡി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുമെങ്കിൽ കമാണ്ടന്റ് ജനറലുമായി ആലോചിച്ച് ഈ സ്ഥലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ബോസ്റ്റൽ സ്കൂളുകൾ

54 (3805) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബോസ്റ്റൽ സ്കൂളുകളുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ എത്ര ബാല കുറ്റവാളികൾ അദ്ധ്യയനം നടത്തുന്നു ;

(സി) ഇവർക്ക് എന്തെല്ലാം വിധത്തിലുള്ള അഭ്യസനവും പരിശീലനവുമാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ തൃക്കാക്കരയിൽ ഒരു ബോസ്റ്റൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടി സ്കൂളിൽ ബാലകുറ്റവാളികൾ ആരും തന്നെ ഇപ്പോഴില്ല.

(സി) ബോസ്റ്റൽ സ്കൂളിലെ അന്തേവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനു പുറമേ വീവിംഗ്, ടെയിലറിംഗ്, കാർപെന്ററി തുടങ്ങിയ മേഖലകളിൽ സാങ്കേതിക പരിജ്ഞാനവും ഫിസിക്കൽ എഡ്യൂക്കേഷനും ആണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly